"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് ഭഗവതി ക്ഷേത്രത്തിൽ 28.10.2024 ന് അർദ്ധരാത്രി പടക്കശേഖരത്തിന് തീ പിടിച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സക്കായി ചിലവായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2926/2024/RD തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:-
1. സ.ഉ(കൈ)നം.211/2024/RD തീയതി 31.10.2024
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 21.11.2024 തീയതിയിലെ ഡിസികെഎസ്ജിഡി./9568/2024/L6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് ഭഗവതി ക്ഷേത്രത്തിൽ 28.10.2024 അർദ്ധരാത്രി പടക്കശേഖരത്തിന് തീ പിടിച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സ ചിലവ് സർക്കാർ വഹിച്ച് കൊണ്ട് ചികിത്സ ചെലവിനാവശ്യമായി വരുന്ന തുക സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമാക്കുന്നതിനും തുക വിതരണം ചെയ്യുന്നതിനും കാസർഗോഡ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽപ്പറഞ്ഞ അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സ ചെലവ് സംബന്ധിച്ച വിവരങ്ങൾ കാസർഗോഡ് ജില്ല കളക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ഈ അപകടത്തിൽ പരിക്കേറ്റ 33 പേർക്ക് ചികിത്സയ്ക്കായി ചെലവായ 3,47,222/- രൂപ അനുവദിക്കാൻ അപേക്ഷിച്ചിരിക്കുന്നു. കൂടാതെ മേൽപ്പറഞ്ഞ ചികിത്സ ചെലവ് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ആശുപത്രികൾ വഴി ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർക്കാവ് ഭഗവതി ക്ഷേത്രത്തിൽ 28.10.2024 അർദ്ധരാത്രിയിൽ പടക്കശേഖരത്തിന് തീപിടിച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സക്കായി ചെലവായ തുക അർഹതപെട്ടവർക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 3,47,222/- രൂപ (മൂന്ന് ലക്ഷത്തി നാൽപത്തി ഏഴായിരത്തി ഇരുന്നൂറ്റി ഇരുപത്തി രണ്ട്) കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായി വരുന്ന 3,47,222/-രൂപ (മൂന്ന് ലക്ഷത്തി നാൽപത്തി ഏഴായിരത്തി ഇരുന്നൂറ്റി ഇരുപത്തി രണ്ട്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80അക്കൗണ്ടിൽ നിന്നും കാസർഗോഡ് ജില്ല കളക്ടർക്ക് നൽകേണ്ടതും, ജില്ല കളക്ടർ തുക വിതരണം ചെയ്ത് ഒരാഴ്ചക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ പി എൻ
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ് , വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ല ട്രഷറി ഓഫീസർ, കാസർഗോഡ് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 09-12-2024 09:57:46
സെക്ഷൻ ഓഫീസർ